പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5685** **03.11.2016-ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട അഭ്യസ്തവിദ്യരായ തൊഴിൽരഹിതർ**

**ചോദ്യം**
**ശ്രീ.കെ.വി.വിജയദാസ്**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് വിവിധ സർക്കാർ, അർദ്ധ സർക്കാർ, കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലി ലഭിക്കുന്നതിന് വകുപ്പ് മുഖേന എന്തെല്ലാം പദ്ധതികളും നടപടികളുമാണ് സ്വീകരിച്ചു വരുന്നത്; വിശദവിവരം നൽകുമോ; | എ) | അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി വകുപ്പിന്റെ കീഴിൽ 15 സ്വയം തൊഴിൽ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. 8 തയ്യൽ പരിശീലന കേന്ദ്രങ്ങളും, 2 മരപ്പണി പരിശീലനകേന്ദ്രങ്ങളും, ഒരു പ്രൊഡക്ഷൻ കം ട്രെയിനിംഗ് സെന്റർ, ഫാഷൻ ഡിസൈനിംഗ് & ഗാർമെന്റ് ടെക്നോളജി സ്കൂളുകളും 2 ഐ.ടി.ഐകളുമാണ് പ്രവർത്തിക്കുന്നത്.<br>കൂടാതെ ബാംഗ്ലൂർ ആസ്ഥാനമായുള്ള നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ (NTTF) വഴി പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് നൈപുണ്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 3 വർഷത്തെ ഡിപ്ലോമ കോഴ്സുകളും 1 വർഷത്തെയും 2 വർഷത്തെയും സർട്ടിഫിക്കറ്റ് കോഴ്സുകളും പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തി വരുന്നു.<br>കെൽട്രോണിന്റെ സഹായത്തോടെ നെറ്റ് വർക്ക് എഞ്ചിനീയറിംഗ്, കമ്പ്യൂട്ടറൈസ്ഡ് |

| | | | |
|---|---|---|---|
| | | | ഇൻസ്ട്രുമെന്റേഷൻ എന്നിവയിൽ ട്രെയിനിംഗ്, ഗവ. അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ ഡ്രൈവിംഗ് പരിശീലനം, കെ.ടി.ഡി.സിയുമായി സഹകരിച്ച് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, ഹോട്ടൽ മാനേജ്മെന്റ് ട്രെയിനിംഗ്, കേന്ദ്രഗവൺമെന്റിന്റെ ടെക്സ്റ്റൈൽ മന്ത്രാലയം സ്പോൺസർ ചെയ്യുന്ന വസ്ത്ര നിർമ്മാണ മേഖലയിൽ പരിശീലനം എന്നിവ നടത്തി വരുന്നു.<br>വിവിധ സർക്കാർ, അർദ്ധ സർക്കാർ, കേന്ദ്രസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിലേയ്ക്കുള്ള പരീക്ഷകൾക്ക് അപേക്ഷിക്കുന്നതിനായി പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് സഹായകമാകും വിധം എല്ലാ ജില്ലാ ഓഫീസുകളിലും ഹെൽപ്ഡെസ്കുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. |
| സി) | ഇത്തരം പദ്ധതികൾ അപര്യാപ്തമെങ്കിൽ ഇവർക്ക് പ്രസ്തുത സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്നതിന് ഒരു സമഗ്രപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ; എങ്കിൽ വിശദവിവരം നൽകുമോ? | ബി) | അഭ്യസ്ത വിദ്യരായ പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്കായി പ്രത്യേക നിയമനം നടത്തുന്നതിന് സർക്കാർ തലത്തിൽ ഹൈലെവൽ കമ്മിറ്റി വിളിച്ച് ചേർക്കുകയും ഈ കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം അഭ്യസ്ത വിദ്യരായ പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളുടെ യോഗ്യത തിരിച്ചുള്ള "DATA BANK" ജില്ലാ ഓഫീസുകൾ മുഖേന തയ്യാറാക്കുകയും ആയത് പ്രത്യേക നിയമനത്തിന് പരിഗണിക്കുന്നതിനായി മറ്റു വകുപ്പുകളിലേയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. |

(signature)
സെക്ഷൻ ഓഫീസർ